# സകാത്തുൽ ഫിത്ര്‍

വിശുദ്ധ റമളാൻ വ്രതത്തിലൂടെ നാം നേടിയ ആത്മവിശുദ്ധിയുടെ പ്രകടഭാവങ്ങളിൽ ഒന്നാണ് ഈദുൽ ഫിതറിനോടനുബന്ധിച്ച് നൽകപ്പെടുന്ന നിർബന്ധദാനം.

സമ്പന്നർ മാത്രമല്ല സകാത്തുൽ ഫിത്ര്‍നൽകേണ്ടത്. പെരുന്നാൾ ദിവസം തന്റെയും കുടുംബത്തിന്റേയും ആവശ്യം കഴിച്ച് മിച്ചമുള്ളവർ സകാത്തുൽഫിത്ര്‍ നൽകണം.അഗതികൾക്ക് ആഹാരം,നോമ്പുകാരന് വിശുദ്ധി ഇതാണ് സകാത്തുൽ ഫിതറിന്റെ തത്വം . ഉള്ളവരിൽ നിന്ന് സ്വരൂപിക്കുകയും ഇല്ലാത്തവർക്ക് വിതരണം നടത്തുകയും ചെയ്യുക എന്നതായിരുന്നു ഇസ്‌ലാമിന്റെ പ്രഭാവകാലത്തെ സകാത്ത് വിതരണ രീതി. അർഹരെ കണ്ടെത്താനും അവകാശികൾക്ക് ലഭിക്കാനും ഇത് സഹായകമാണ്.

കഴിഞ്ഞ വർഷങ്ങളിലെപ്പോലെ നിങ്ങളുടെ സകാത്തുൽ ഫിത്ര്‍ ശേഖരിച്ച് റിയാദിൽ തന്നെയുള്ള അവകാശികൾക്കിടയിൽ വിതരണം നടത്തുവാൻ റിയാദ് ഇന്ത്യൻ ഇസ്‌ലാഹീ സെന്റർ ഒരുക്കങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു.

രണ്ടു കിലോഗ്രാമിൽ അൽപം കൂടുതാലാണ് ഒരാളുടെ ഫിത്ര്‍ സകാത്ത് . നിങ്ങൾ നൽകുന്ന പത്തുരിയാൽ നിങ്ങളുടെ വിഹിതത്തിനു മതിയായ അരിയുടെ വിലയേക്കാൾ അൽപ്പം കൂടുതലാണല്ലോ. വിഹിതം അനുസരിച്ചു അരി നൽകി ബാക്കിവരുന്ന സംഖ്യ പണമായും ഭക്ഷണ സാധനങ്ങളായും അഗതികൾക്കു തന്നെ നൽകുകയാണ് പതിവ്.വിവിധ കേമ്പുകളിൽ കഴിഞ്ഞു കൂടുന്ന ഇന്ത്യക്കാരും അല്ലാത്തവരുമായ ആളുകളെ നാം കണ്ടില്ലെന്നു നടിക്കരുത്. അഗതികൾക്ക് നൽകപ്പെട്ട നിർവചനത്തിൽ ഉൾപ്പെടുത്താൻ തികച്ചും അർഹരാണവർ. ഇത്തരം ആളുകൾക്കിടയിലാണ് ഇസ്‌ലാഹീ സെന്റർ ഫിത്ര്‍ സകാത്ത് വിതരണം നടത്തി വരുന്നത് .

ഒരാൾ പെരുന്നാൾ ആഘോഷിക്കുന്നത് ഏത് നാട്ടിൽ വെച്ചാണോ അവിടെതന്നെയാണ് അയാൾ ഫിത്ര്‍ സകാത്ത് നൽകേണ്ടത് . ഈദാഘോഷത്തോടനുബന്ധിച്ച് അടിയന്തിര സഹായം എന്ന പരിഗണനയാണല്ലോ ഫിത്ര്‍ സകാത്തിന് നൽകപ്പെടുന്നത് .

ഫിത്ര്‍ സകാത്തിന്റെ ചൈതന്യം ഉൾകൊള്ളാൻ നാം കഴിവനുസരിച്ച് ശ്രമിക്കുക. ഇസ്‌ലാഹീ സെന്റെറിൽ പത്ത് രിയാൽ നൽകി ഈ സംരംഭവുമായി സഹകരിക്കുക.
അല്ലാഹു നമ്മിൽ നിന്നും സ്വീകരിക്കട്ടെ. ആമീൻ

റിയാദ് ഇന്ത്യൻ ഇസ്‌ലാഹീ സെന്റർ.
ടെലിഫോൺ 01 4032355